"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കണ്ണൂർ ജില്ലയിലെ വളപട്ടണം ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. പി.കെ അനിലിന്റെ പ്രൊബേഷൻ കാലാവധി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

**സ.ഉ.(സാധാ) നം.966/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 06/05/2021

---

പരാമർശം:- പഞ്ചായത്ത് ഡയറക്ടറുടെ 12/02/2021 ലെ PAN/1300/2021 -E7(DP) നമ്പർ കത്ത്.

<u>ഉത്തരവ്</u>

കണ്ണൂർ ജില്ലയിലെ വളപട്ടണം ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. പി.കെ.അനിലിന്റെ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി (ഫസ്റ്റ് ഗ്രേഡ്) തസ്തികയിലെ നിരീക്ഷണ കാലം പൂർത്തീകരിച്ചതായി പ്രഖ്യാപിക്കുന്നതിന് പ്രൊബേഷൻ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള പ്രൊപോസൽ പഞ്ചായത്ത് ഡയറക്ടർ മേൽ പരാമർശിത കത്ത് പ്രകാരം സമർപ്പിച്ചിരുന്നു.

2. 21/06/2003-ൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ നേരിട്ട് നിയമനം ലഭിച്ച ശ്രീ. പി.കെ. അനിലിന്റെ നിയമനം ക്രമവൽക്കരിച്ചിട്ടുള്ളതായും പ്രൊബേഷൻ പൂർത്തീകരിച്ചതായി പ്രഖ്യാപിക്കുന്നതിനുള്ള എം.ഒ.പി. ടെസ്റ്റ് യഥാസമയം വിജയിക്കാതിരുന്നതിനാൽ ടിയാന്റെ പ്രൊബേഷൻ കാലയളവ് 21/06/2005 മുതൽ ഒരു വർഷത്തേയ്ക്ക് ദീർഘിപ്പിച്ച് ഉത്തരവായിരുന്നതായും ടിയാൻ 01/07-ൽ എം.ഒ.പി. ടെസ്റ്റ് പാസായിട്ടുള്ളതായും എന്നാൽ പരീക്ഷയുടെ ഹാൾ ടിക്കറ്റ് ലഭ്യമാക്കാൻ കഴിയാത്തതിനാൽ 31/01/2007 തീയതി വച്ച് പ്രൊബേഷൻ ദീർഘിപ്പിച്ച് നൽകണമെന്നും പഞ്ചായത്ത് ഡയറക്ടർ പരാമർശം പ്രകാരം ആവശ്യപ്പെട്ടിരുന്നു.

3. സർക്കാർ വിഷയം വിശദമായി പരിശോധിച്ചു. പഞ്ചായത്ത് വകുപ്പിൽ അസിസ്റ്റന്റ് സെക്രട്ടറിയായ ശ്രീ. അനിൽ പി.കെ. മാന്വൽ ഓഫ് ഓഫീസ് പ്രൊസീഡ്വർ പരീക്ഷ 11/01/2007 ന് പാസ്സായിട്ടുള്ള സാഹചര്യത്തിൽ മറ്റെല്ലാതരത്തിലും യോഗ്യനാണെന്ന് നിയമനാധികാരിയ്ക്ക് ബോധ്യമുള്ള പക്ഷം ടിയാന്റെ പ്രൊബേഷൻ 12/01/2007 പൂർവ്വാഹ്നത്തിൽ തൃപ്തികരമായി

പൂർത്തീകരിച്ചതായി പ്രഖ്യാപിക്കുവാൻ നിയമനാധികാരിക്ക് സാധിക്കുമാറ് ടിയാന്റെ പ്രൊബേഷൻ കാലയളവ് നിയമനാധികാരി ദീർഘിപ്പിച്ച് നൽകിയ കാലയളവിന് തൊട്ടടുത്ത ദിവസം മുതൽ 13/01/2007 വരെ KS&SSRs, Part II ചട്ടം 21 പ്രകാരം ദീർഘിപ്പിച്ച നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ലീന എ**

**ഡെപ്യൂട്ടിസെക്രട്ടറി**

1. ശ്രീ. പി.കെ അനിൽ, അസിസ്റ്റന്റ് സെക്രട്ടറി, വളപട്ടണം ഗ്രാമ പഞ്ചായത്ത് (പഞ്ചായത്ത് ഡയറക്ടർ മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
4. ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
5. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
6. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് (26.04.2021 - ലെ ADV-B2/49/2021-PandARD നമ്പർ യു.ഒ.റിമാർക്സ് പ്രകാരം)
7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by SUDHEER S S
Date: 2021.05.07 12:10:58 IST
Reason: Approved

സെക്ഷൻ ഓഫീസർ